## പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1997 11-06-2018-ൽ മറുപടിയ്ക്ക്

## ബയോമെട്രിക് പഞ്ചിംഗ് സംവിധാനം

**ചോദ്യം**
ശ്രീ.വി.ഡി.സതീശൻ

**മറുപടി**
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| (എ) | സെക്രട്ടേറിയറ്റിൽ നടപ്പിലാക്കിയ ബയോമെട്രിക് സംവിധാനം വിലയിരുത്തിയിട്ടുണ്ടോ; ഇത് വിജയപ്രദമാണോ; ഈ സംവിധാനത്തെ സ്പാർക്കുമായി ബന്ധിപ്പിച്ച് ശമ്പളം നൽകുവാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്, അതെ, സെക്രട്ടേറിയറ്റിലെ ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനം സ്പാർക്കുമായി ബന്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) | സർക്കാർ, എയ്ഡഡ് സ്കൂൾ, കോളേജ് അദ്ധ്യാപക-അനദ്ധ്യാപകർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഒക്ടോബർ ഒന്നു മുതൽ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (ബി) | 18.05.2018 ലെ സ.ഉ(കൈ) 108/2018/പൊഭവ പ്രകാരം 2018 ഒക്ടോബർ 1 നകം എല്ലാ സർക്കാർ ഓഫീസുകളിലും, വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സ്പാർക്ക് ബന്ധിത ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കാനും കൂടാതെ അതോറിറ്റികൾ, സ്വയംഭരണ സ്ഥാപനങ്ങൾ, കമ്മീഷനുകൾ തുടങ്ങി വകുപ്പിന് കീഴിൽ സർക്കാർ ഗ്രാന്റോടുകൂടി പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും ഈ സംവിധാനം 2018 ഡിസംബർ 31 നകം നടപ്പിൽ വരുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട് |
| (സി) | ഈ സംവിധാനം ഏർപ്പെടുത്തുന്നതിന് എന്ത് ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത് ; ഇതിനായുള്ള തുക വിവിധ വകുപ്പുകൾക്ക് വകയിരുത്തിയിട്ടുണ്ടോ? | (സി) | ബയോമെട്രിക്ക് പഞ്ചിംഗ് മെഷീൻ സ്ഥാപിക്കുന്നതിനാവശ്യമായി വരുന്ന ചെലവ് കണക്കാക്കി വരുന്നതേയുള്ളൂ. നിലവിലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് ഇതിനാവശ്യമായ തുക കണ്ടെത്തേണ്ടത്. |

**സെക്ഷൻ ഓഫീസർ**